## “ജിന്ന്, ശൈത്താനോട് സഹായംചോദിക്കുന്നത് തൗഹീദ്” മഹാന്മാരോട് സഹായം ചോദിക്കുന്നത് ശിർക്ക്.

## മുജാഹിദിന്റെ പുതിയ വാദങ്ങൾ

**നമ്മുടെമുജാഹിദ് സുഹൃത്തുക്കൾ ഇത് പൂർണ്ണമായിവായിക്കുക യും, ഇതിലുള്ള ക്ലിപ്പുകൾ കേൾക്കുകയും ചെയ്യുക. എന്നിട്ടൊ രൽപനേരം ചിന്തിക്കുക. സംഭവം എന്താണെന്ന് പിടി കിട്ടും.**

കഴിഞ്ഞ മാസം സലഫി ഫെസ്റ്റ് എന്ന മെയിൽ അയച്ചപ്പോൾ സാദിഖ്, ബഷീർ തുടങ്ങിയ നെറ്റിലുള്ള മുജാഹിദുകൾ പറഞ്ഞു അത് ഞങ്ങളല്ല അത് മടവൂർ ഗ്രൂപ്പാണെന്ന് പറഞ്ഞ് തടിയൂരി. പക്ഷേ പുറം ലോകം അറിഞ്ഞപ്പോൾ, അത് നടത്തിയത് അബദ്ധമായിപ്പോയി എന്നും മേലിൽ ആ രീതിയിലുള്ള പരിപാടി സംഘടിപ്പിക്കില്ലന്നും വന്ന് പോയതിൽ തൗബ ചെയ്യുകയാണെന്നും പറഞ്ഞ് ആ സംഘടിപ്പിച്ചവർ തന്നെ നമ്മുടെ മെയിലിന് മറുപടി അയക്കുകയുണ്ടായി. ആ നടത്തിയവരിൽ രണ്ട് ഗ്രൂപ്പ് മുജാഹിദുകളും ഉണ്ടെന്നാണവർ അറിയിച്ചത്. അത് സാദിഖിന് നിഷേധി ക്കാൻ പറ്റില്ല. എന്നാൽ കഴിഞ്ഞ ദിവസം സാദിഖ് അയച്ച മെയിലിൽ പറ യുന്നത് ജാറങ്ങളിൽ നടക്കുന്ന അനാചാരങ്ങൾക്ക് സുന്നികൾക്ക് പങ്കുണ്ട് എന്ന്. അതിന് തെളിവായി ഒന്ന് രണ്ട് ഫോട്ടോ കൂടി സാദിഖ് അയച്ചിരി ക്കുകയാണല്ലോ. അങ്ങിനെ ഈ സത്യപ്രസ്ഥാ നവുമായി യാതൊരു ബന്ധവുമില്ലാത്ത കുറേ ഫോട്ടോകളും മറ്റും അയച്ച് ഈ സമുദായത്തെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്ന ഈ വിഭാഗത്തിന്റെ പുതിയ വാദവും പ്രവർത്തനവും എന്താണെന്ന് നെറ്റിലെ നിഷ്പക്ഷമതികളായ സഹോദ രി സഹോദരന്മാർ മനസ്സിലാക്കട്ടെ എന്ന് കരുതിയാണ് ഇത് തയ്യാറാ ക്കിയിട്ടുള്ളത്. ഖുർആനിന്റെയും ഹദീസിന്റെയും പേരിൽ പ്രവർത്തിക്കു ന്നുവെന്ന് അവകാശപ്പെടുകയും പൂർവീക മഹത്തുക്കളെ തള്ളിപ്പറയുക യും, അവരവരുടെ ബുദ്ധിക്ക് തോന്നിയപോലെ അത് തോന്നുമ്പോ ഴെക്കെ ഇസ്‌ലാമിന്റെ വിശ്വാസാനുഷ്ഠാന കർമ്മങ്ങളെ മാറ്റി മറിച്ച് , തനി കൃസ്ത്യൻ പാതിരിമാർ അവരുടെ ഗ്രന്ഥങ്ങളിൽ മാറ്റത്തിരുത്തലുകൾ വരുത്തിയത്പോലെ, അവരെപ്പോലും നാണിപ്പിക്കും വിധത്തിൽ മാറ്റി ക്കൊണ്ടിരിക്കുന്ന ഇവരുടെ ഏറ്റവും പുതിയ ഉദാഹരണങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്. ഇത് സുന്നത്ത് ജമാഅത്തിന്റെ ഏതെങ്കിലും പണ്ഡിതർപ്രസംഗിച്ച് പറയുന്നതല്ല. ഇവരുടെ നേതാക്കളുടെ ക്ലിപ്പുകളാണ് താഴെ കൊടുത്തിരിക്കുന്നത്. അത് കൊണ്ട്തന്നെ നിഷ്പക്ഷമതികളേ, ഇത് മുഴുവനും നിങ്ങൾ കേൾക്കുക. ഈ സമുദായത്തിൽ ഭിന്നിപ്പുണ്ടാക്കി ഖുർആനും സുന്നത്തിന്റെയും പേരിൽ നിലവിൽ വന്ന ഈ വിഭാഗം( മുജാഹിദ് )ജനങ്ങളെ എവിടേക്കാണ് കൊണ്ട് പോകുന്നതെന്ന് ചിന്തിച്ച് നോക്കുക. അതിൽ പെട്ടു പോയ ആരെങ്കിലും ഇത് കേൾക്കുന്നുവെങ്കി ൽ ഇത് നിങ്ങൾക്ക് അയച്ച് തരുന്നതോടു കൂടി ഞങ്ങൾ അറിഞ്ഞ സത്യം നിങ്ങളെ അറിയിച്ചിരിക്കുകയാണ്. നിങ്ങളുടെ ശരീരത്തെ പിഴച്ചവരിൽ നി ന്നും അത് വഴി നരകത്തിൽ നിന്നും കാത്ത്കൊള്ളുക. നാം ആരെയും കുറ്റപ്പെടുത്തുന്നില്ല സത്യത്തിന്റെ വഴിയിലേക്ക് ക്ഷണിക്കുകയാണ്.

സുന്നത്ത് ജമാഅത്ത് അത് പൂർവീക പണ്ഡിതരാൽ പ്രവാചകരിൽ നിന്ന് സ്വ ഹാബാക്കാളിൽ നിന്ന് നമ്മിലേക്ക് എത്തിച്ചേർന്നതാണ്. അതിൽ കൂട്ടുവാനോ കുറക്കുവാനോ നമുക്കധികാരമില്ല. കൂട്ടിയവരുടെയും കുറ ച്ചവരുടെയും അവസ്ഥയാണ് താഴെ കാണുന്നത്. അല്ലാഹു നമ്മെ സത്യ മാർഗത്തിൽ ഒരുമിച്ചു കൂട്ടട്ടെ ആമീൻ.





സക്കരിയ്യ സ്വലാഹി (മൗലവിഗ്രൂപ്പ്)   അബ്ദുസ്സലാം സുല്ലമി( മടവൂർഗ്രൂപ്പ്)

"ഈ സലാം സുല്ലമി നമ്മെ പഠിപ്പിച്ചിരുന്നത് മറഞ്ഞ മാർഗത്തിൽ കൂടി നമ്മെ സഹായിക്കുന്നത് അല്ലാഹുവിന് മാത്രമേ സാധിക്കുകയുള്ളൂ അത് കൊണ്ട് , സിഹ്റ് മുഖേനെ സഹായിക്കുമെന്ന് വിശ്വസിച്ചാൽ തെറ്റാകുമെന്നാണ്. ഞാനത് കുറേകാലം വിശ്വസിച്ച് പ്രസംഗിച്ച് നടന്നിരുന്നു. അല്ലാഹു എനിക്ക് പൊറുത്ത് തരട്ടേ ഞാൻ ഇപ്പോൾ പ്രാർത്ഥിക്കുന്നു"

പറയുന്നത് സക്കരിയ്യസ്വലാഹി

ക്ലിപ്പ് കേൾക്കാൻ ഇവിടെ ക്ലിക്ക് ചെയ്യുക (വീഡിയോ)




"ബദ്രീങ്ങളെ വിളിച്ചാൽ ശിർക്കാകും, ഇഫ്രീത്തിനെ വിളിച്ചാൽ ശിർക്കാകില്ല ഇതാണല്ലോ നിങ്ങൾ ഇപ്പോൾ പ്രസംഗിക്കുന്നത് ? കാഫിർ ജിന്ന് മുസ്ലിമല്ലാത്തവരെസഹായിക്കുമെങ്കിൽ മുസ്ലിംജിന്ന് മുസ്ലിംകളെയും സഹായിക്കില്ലേ ?"അബ്ദുസ്സലാംസുല്ലമി സക്കരിയാസ്വലാഹിയോട് ചോദിക്കുന്നു.

ക്ലിപ്പ് കേൾക്കാൻ ഇവിടെ ക്ലിക്ക് ചെയ്യുക (വീഡിയോ)



**“വീട്ടിൽ പാമ്പുണ്ടെങ്കിൽ മൂന്ന് ദിവസക്കാലം അതിനോട് പോ പാമ്പേ പോ, എന്ന് പറയണം (സക്കരിയ്യ സ്വലാഹി) ജിന്നുകൾ ചേലാകർമ്മം ചെയ്യുമെന്ന മുജാഹിദുകളുടെ പുതിയ വാദത്തെ അബ്ദുസ്സലാം സുല്ലമി ഖണ്ഡിക്കുന്നു.”**

**ക്ലിപ്പ് കേൾക്കാൻ ഇവിടെ ക്ലിക്ക് ചെയ്യുക (വീഡിയോ)**




**“നമ്മുടെ ചുറ്റുഭാഗവും ജീവിച്ച് കൊണ്ടിരിക്കുന്ന നമ്മുടെ ഇടയിൽ വന്നാൽ നമുക്കു കണ്ട് പിടിക്കാൻ പറ്റാത്ത നമ്മുടെ വീട്ടിന്റെ സിറ്റ് ഔട്ടിലോ പൂമുഖത്തോ വന്നിരുന്നാൽകാണാൻ പറ്റാത്ത ഒരു ജീവിയാണ് ജിന്ന് എന്ന് പറഞ്ഞാൽ. അവർ രഹസ്യങ്ങളെ ചോർത്തിയെടുത്ത് മറ്റുള്ളവർക്ക് എത്തിച്ച് കൊടുക്കും. അത് നമ്മൾ കാണില്ല. ഹദീസിൽ പറഞ്ഞ ഈ കാര്യം വിശ്വസിക്കണം. ബുദ്ധികൊണ്ട് മാത്രം കാര്യങ്ങൾ മനസ്സിലാക്കുന്നവർക്ക് ഇത് സ്വീകരിക്കാൻ പ്രയാസമാകും. അവർക്ക് ഇത് സ്വീകരിക്കാൻ കുറച്ച് സമയമെടുക്കും.” ഇത് പറയുന്നത് ഹാരിസ് ബിന് സലീം. ഐ എസ് എം സംസ്ഥാന വൈസ് പ്രസിഡണ്ട് (മൗലവിഗ്രൂപ്പ്)**

**ക്ലിപ്പ് കേൾക്കാൻ ഇവിടെ ക്ലിക്ക് ചെയ്യുക (വീഡിയോ)**



ശൈത്താൻ കൂടിയവരിൽനിന്ന് അടിച്ചിറക്കുന്നതും ജിന്നിനെ ഒഴിപ്പിക്കുന്നതും ഇപ്പോൾ മുജാഹിദ് മൗലവിമാർ ഏറ്റെടുത്തിരിക്കുകയാണ്. മുജാഹിദ് നേതാവ് ഡോക്ടർ സുബൈർ പറയുന്നത് കേൾക്കുക. എങ്ങിനെയാണ് ജിന്ന് ബാധിക്കുന്നത് എന്നും അതിനെ എങ്ങിനെയാണ് ഒഴിപ്പിക്കേണ്ടത് എന്നും വിവരിക്കുന്നു. "ജിന്ന് സ്നേഹം കൊണ്ടാണ് സുന്ദരിയായ പെണ്ണിൽ കൂടുന്നത് എന്നിട്ട് ആ പെണ്ണിലൂടെ ശാരീരിക സുഖം അനുഭവിക്കുന്നു. ഇങ്ങിനെ ശാരീരിക സുഖം അനുഭവിക്കാൻ വേണ്ടിയാണ് ജിന്ന് അടുക്കുന്നത്. ജിന്ന് കൂടിയ ആൾക്ക് ഭർത്താവിന്റെ ആവശ്യം ഇല്ല , ചെറുപ്പക്കാരന് ഭാര്യയുടെ ആവശ്യവും വരുന്നില്ല. ആവശ്യങ്ങൾ ജിന്ന് ചെയ്തു കൊള്ളും. മാത്രമല്ല ഗർഭം ആവുന്നത് ജിന്നിന് ഇഷ്ടമില്ലാത്തത് കൊണ്ട് അത് അലസിപ്പോകും."

ക്ലിപ്പ് കേൾക്കാൻ ഇവിടെ ക്ലിക്ക് ചെയ്യുക (വീഡിയോ)




മുജാഹിദുകളുടെ പഴയ വാദം സക്കരിയ്യ സ്വലാഹി പ്രസംഗിക്കുന്നു.

"അപ്പോൾ മാരണം ചെയ്തുവെന്ന വിശ്വാസം ഒരാളെക്കുറിച്ച് നമുക്കുണ്ടായാൽ അത് നമ്മൾ തിരുത്തണം. അങ്ങിനെ ഒരാളെക്കുറിച്ച് വിശ്വസിക്കാൻ പാടില്ല. ഇപ്പോൾ ചില ആളുകൾക്ക് സംശയം അത് ഫലിക്കോ ഫലിക്കൂലേ എന്ന്. ആ ചർച്ച തന്നെ പാടില്ല. നമുക്ക് ഫലിക്കൂലാ എന്ന വിശ്വാസമായതിനാൽ അതനുസരിച്ച് നിന്നാൽ മതി. അതെത്ര ശൈത്താന്മാർ ഒന്നിച്ച് സിഹ്റ് ചെയ്താലും ശരി. ഞാൻ വെല്ലു വിളിക്കുന്നു. ഞങ്ങൾ ഇതിന്വേണ്ടി പ്രസംഗിച്ച് നടക്കുന്ന ആളുകളാണ് ഇവർക്ക്, ഞങ്ങൾക്കെതിരെ സിഹ്റ് ചെയ്തുകൂടെ ? ഞാൻ വീട്ടിൽ നിന്ന് പുറപ്പെട്ട് ഇവിടെയെത്തുന്നതിന് പകരം വേറെ എവിടെയെങ്കിലും പോയി ഇറങ്ങൂലെ ?

കാരണം ഇവർ പറയുന്നത് ആളുകളെ യാത്രയിൽ നിന്ന് ജിന്ന് തിരിച്ച് വിടുമെന്നാണ്. മാത്രമല്ല കോടിക്കണക്കിന് ഉറുപിക ചിലവിട്ട് അറബ് രാഷ്ട്രങ്ങൾ ഇസ്രാഈലിനെതിരെ കഷ്ടപ്പെട്ട്കൊണ്ടിരിക്കുകയാണ് ഇസ്രാഈലിനെതിരെ ഒരു സിഹ്റ് അങ്ങ് ചെയ്താൽ പോരേ ? അപ്പോൾ സുഹൃത്തുക്കളെ മറഞ്ഞ മാർഗത്തിലൂടെ ഖൈറും ശറും വരുത്താൻ അല്ലാഹുവിന് മാത്രമേ സാധിക്കുകയുള്ളൂ. അത് കൊണ്ട് സിഹ്റ് ഫലിക്കോ ഫലിക്കൂലേ എന്ന് ചർച്ച ചെയ്യേണ്ട കാര്യമില്ല. ”

(സക്കരിയ്യാ സ്വലാഹിയുടെ പഴയ പ്രസംഗം )

**ക്ലിപ്പ് കേൾക്കാൻ ഇവിടെ ക്ലിക്ക് ചെയ്യുക (വീഡിയോ)**



മുജാഹിദുകളുടെ പുതിയ വാദം സക്കരിയ്യ സ്വലാഹി പ്രസംഗിക്കുന്നു.

“സിഹ്റിന് യാഥാർത്ഥ്യമുണ്ട് അത്കൊണ്ടാണല്ലോ വൻ പാവങ്ങളിലൊന്നായി അതിനെ എണ്ണിയത്. യാഥാർത്ഥ്യമില്ലെങ്കിൽ അതിനെ നിരോധിക്കേണ്ട കാര്യമില്ലല്ലോ ? അത് കൊണ്ടാണ് അത് ചെയ്യാൻ പാടില്ല എന്ന് പറഞ്ഞത്. ഇനി ചില ആളുകൾ പറയും എന്നാൽ എനിക്ക് ചെയ്യട്ടെ ഞങ്ങൾക്ക് ചെയ്യട്ടെ അതിനർത്ഥമെന്താ ? ചെയ്തോൻ കാഫിറാകൂലേ ? ഒരാളെ വിശ്വസിക്കാൻ വേണ്ടി മറ്റേയാൾ കാഫിറാകാൻ തയ്യാറാവുമോ ? ഈ സുല്ലമി ചോദിക്കുന്നു അങ്ങിനെയെങ്കിൽ എന്നെ ഒന്ന് കുത്തട്ടേ, എന്റെ പേനയൊന്ന് നീക്കട്ടെ, യുക്തി വാദികൾ വെല്ല് വിളിക്കലുണ്ടല്ലോ നിങ്ങൾക്കങ്ങിനെ പടച്ചവനുണ്ടെങ്കിൽ ഈ പേനയൊന്ന് നീക്കട്ടെ നിങ്ങൾക്കങ്ങിനെ പടച്ചവനുണ്ടെങ്കിൽ ഈ മൈക്ക് അങ്ങോട്ട് നീക്കട്ടെ , അതിനർത്ഥം പടച്ചവനില്ലന്നാണോ ? ഇത്തരം പൊട്ട വെല്ലു വിളിയാണ് നടത്തുന്നത്. യുക്തി വാദികൾ അങ്ങിനെ എന്തൊക്കെ വെല്ലു വിളിച്ചിട്ടുണ്ട് ? നിങ്ങളുടെ പടച്ചവൻ ഉണ്ടായിട്ടെന്തേ ഭൂകമ്പം ഉണ്ടായത് ? നിങ്ങൾ ക്ക് കാരുണ്യവാനായ പടച്ചവനണ്ടായിട്ടെന്തേ മീനായിൽ തീപിടിച്ചത് ? എന്നൊക്കെ ചോദിക്കുമ്പോലെയുള്ള വെല്ലു വിളിയാണ്.”

മുജാഹിദിന്റെ പുതിയ വാദം സക്കരിയ്യ സ്വലാഹിയുടെ ശബ്ദത്തിലൂടെ.

**ക്ലിപ്പ് കേൾക്കാൻ ഇവിടെ ക്ലിക്ക് ചെയ്യുക (വീഡിയോ)**




ഇവരുടെ ഇപ്പോഴത്തെ പുതിയ വാദത്തിനെതിരായി ഇവരുടെ മരിച്ച്പോയ നേതാവ് എൻ.പി അബ്ദുൽ കാദിർ മലവിയുടെ പ്രസംഗം ( വനുനസ്സിലുൽ ഖുർആനു മാഹുവ ശിഫാഉൻ വറഹ്മത്തുൻ ലിൽ മു അ്മിനീൻ ) എന്ന ആയത്ത് ഓതിക്കൊണ്ട് അത് ഈ കാണുന്ന ശരീര ത്തിലുള്ള രോഗത്തെ സംബന്ധിച്ചല്ല അല്ലാഹു പറഞ്ഞത്. മനുഷ്യന്റെ മനസ്സിലുണ്ടാകുന്ന രോഗങ്ങൾ, മനസ്സിലുണ്ടാവുന്ന പാളിച്ചകൾ, അതിനെ സംബന്ധിച്ചുള്ള വ്യക്തമായ നിർദ്ദേശമാണ് നബി(സ) ഈ ആയത്തുദ്ധ രിച്ച് പറഞ്ഞത്.

**ക്ലിപ്പ് കേൾക്കാൻ ഇവിടെ ക്ലിക്ക് ചെയ്യുക (വീഡിയോ)**



എന്നാൽ അതേ ആയത്ത് ഓതി ഇപ്പോൾസക്കരിയ്യാ സലാഹി പറയുന്നത്

"ചെകുത്താൻ മനുഷ്യനെ ഉപദ്രവിക്കും.( വനുനസ്സിലുൽ ഖുർആന മാഹു വ ശിഫാഉൻ വറഹ്മത്തുൻ ലിൽ മുഅ്മിനീൻ )എന്ന് ഖുർആനിൽ പറ ഞ്ഞത് കൊണ്ട് ഒരോ ആയത്തിനായി പ്രതേകം പ്രത്യേകം നബി(സ)പഠി പ്പിക്കണമെന്നില്ല ഇത് മൊത്തം എല്ലാ സൂറത്തുകളിലുള്ള ഓരോ ആയ ത്തും രോഗശമനത്തിനായി ഉപയോഗപ്പെടുത്താമെന്നാണ് പഠിപ്പിക്കുന്ന ത്. പണ്ഡിതന്മാർ അതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്."

**ക്ലിപ്പ് കേൾക്കാൻ ഇവിടെ ക്ലിക്ക് ചെയ്യുക (വീഡിയോ)**



മുജാഹിദ് നേതാവായ ഡോക്ടർ സുബൈർ പറയുന്നു. “എന്റെ അടുത്ത് ഇസ്ലാമതം സ്വീകരിച്ച ഒരാൾ കയറിവന്ന് പറഞ്ഞു. ഞാൻ നിസ്കരിക്കാൻ നിൽക്കുമ്പോൾ എന്റെ ഹൃദയത്തിൽ യേശുവിൻെറ രൂപം പ്രത്യക്ഷപ്പെടുന്നു. എത്ര ശ്രമിച്ചിട്ടും പോകുന്നില്ല. അതിൽ നിന്ന് താങ്കൾ എന്നെ സഹായിക്കണം എന്ന് പറഞ്ഞു. ഞാൻ പറഞ്ഞു നിങ്ങൾ പ്രാർത്ഥിക്കുക മാറി ക്കൊള്ളും. അങ്ങിനെ തിരിച്ചയച്ചു. വീണ്ടും ഇതേ ആവശ്യവുമായി വന്ന് , ‘സർ എന്ത് ചെയ്തും പോകുന്നില്ല ’ പിന്നെ അദ്ദേഹത്തെ ഞാൻ ഇരുത്തി ഖുർആൻ ഓതുകയും ഖുർആൻ ഓതിയ വെള്ളം ഞാൻ അദ്ദേഹത്തിന്റെ മുഖത്തേക്ക് തളിക്കുകയും ചെയ്തു. പിന്നീട് അദ്ദേഹത്തിന് അത് ഉണ്ടായിട്ടില്ല.”

ക്ലിപ്പ് കേൾക്കാൻ ഇവിടെ ക്ലിക്ക് ചെയ്യുക (വീഡിയോ)



(ടി.പി. അബ്ദുല്ലക്കോയ മദനി( കെ എൻ എം സംസ്ഥാന പ്രസിഡണ്ട്)

“ഞങ്ങൾ പറയുന്നത് എന്തായാലും, തെറ്റായാലും ശരിയായാലും ഞങ്ങൾ പറയുന്നത് നിങ്ങൽ അണികൾ അംഗീകരിക്കുക. നാളെ പരലോകത്ത് അല്ലാഹു വിചാരണ ചെയ്യുമ്പോൾ ഞങ്ങൾ അറിവില്ലാത്തവരായിരുന്നു. ഞങ്ങളെ വഴിപിഴപ്പിച്ചത് ഈ പണ്ഡിതന്മാരാണെന്ന് നിങ്ങൾ പറഞ്ഞാൽ മതി. അത് ഏറ്റെടുക്കാൻ കേരള ജംഇയ്യത്തുൽ ഉലമ തയ്യാറാണ് എന്ന കാര്യം ഞാൻ ഇവിടെ പറയട്ടെ.”

ടി.പി. അബ്ദുല്ലക്കോയ മദനി( കെ എൻ എം സംസ്ഥാന പ്രസിഡണ്ട്)

ക്ലിപ്പ് കേൾക്കാൻ ഇവിടെ ക്ലിക്ക് ചെയ്യുക (വീഡിയോ)




**മുജാഹിദുകളുടെ പുതിയവാദപ്രകാരം അവരുടെ ഒരു നേതാവായ ജമാൽ ചെറുവാടി എന്നയാൽ മന്ത്രം കൊണ്ട് ഒരു ചെറുപ്പക്കാരി പെണ്ണിനെ ചികിൽസിച്ച കാര്യം മടവൂർഗ്രൂപ്പ് നേതാവായ അബ്ദുല്ലത്തീഫ് കരുമ്പിലാക്കൽ വിവരിക്കുന്നു. "ഒരു പെൺകുട്ടി എന്തോ മാനസികമായ അസ്വാസ്ത്യം കാണിച്ചു. അവരെ ഇയാൾ പരിശോദിക്കുകയാണ്. അങ്ങിനെ പരിശോദിച്ചു ജിന്നിനെ എവിടെ നോക്കിയിട്ടും കാണുന്നില്ല. അവസാനം നോക്കുമ്പോൾ കുട്ടിയുടെ ഒരു വിരൽ ഇങ്ങിനെ ഇളകുന്ന തായി കണ്ടു ഇയാൾ പറഞ്ഞു ഈ വിരലിലാണ് ജിന്ന്. ഇനി എന്താണ് പ്രതിവിധി എന്ന് ചോദിച്ചപ്പോൾ അടിക്കണം കുട്ടിയുടെ ആങ്ങളമാർ ഇടപെട്ടത് കൊണ്ട് കുട്ടിക്ക് അടി കിട്ടാതെ രക്ഷപ്പെട്ടു. അത്യവശ്യം പ്രായപൂർത്തിയായ മറ്റൊരു പെൺകുട്ടി അവർക്ക് ഈ അടുത്തായി എന്തോ മാനസിക അസ്വാസ്ത്യമുണ്ടായി. ഇതേ ജമാലിന്റെ അരികിൽ വന്നു. അതിന് ജിന്ന് കൂടിയതാണെന്ന് വിധി. ജമാൽ ആകുട്ടിയെ അടിച്ചു. കുട്ടിനെട്ടോട്ടമൊടുകയാണ് എന്തൊക്കെ പരാക്രമം നടത്തിയിട്ടും പ്രതിവിധിയില്ല. അവസാനം ആ കുട്ടിയെ മലർത്തിക്കിടത്തി ആകട്ടിയുടെ കാൽഭാഗത്ത് കയറി ഇരുന്നു." ബാക്കി ഭാഗം ഇവിടെ കുറിക്കുന്നില്ല നിങ്ങൾ നേരിട്ട് കേൾക്കുക.............**

**അബ്ദുല്ലത്തീഫ് കരുമ്പിലാക്കലിന്റെ ക്ലിപ്പ് നേരിട്ട് കേൾക്കുക.**

**ക്ലിപ്പ് കേൾക്കാൻ ഇവിടെ ക്ലിക്ക് ചെയ്യുക (വീഡിയോ)**




**രണ്ട് കയ്യിന്റെ വിരലനക്കി ചികിൽസിക്കുന്നത് ജമീലടീച്ചർ കാണിക്കുന്നു.**

മുജാഹിദിന്റെ അടിച്ചിറക്കൽ ചികിൽസയെക്കുറിച്ച് മുജാഹിദ് നേതാവ് ജമീല ടീച്ചർ എടവണ്ണ വിവരിക്കുന്നു. നേരിട്ട് കേൾക്കുക............. അതിൽ അദ്ദേഹം പറയുന്ന് മുസ്ലിയാക്കന്മാർ ചികിൽസിക്കുമ്പോൾ സ്ത്രീകളെ സ്പർശിക്കാറില്ല സ്പർശിക്കാതെയാണ് അവരുടെ ചികിൽസ. ഇവരുടേ തോ..................ടീച്ചർ പറയുന്നത് നേരിട്ട് കേൾക്കലാണ് ഇവിടെ കുറിക്കുന്നതിനേക്കാളുത്തമം.

ക്ലിപ്പ് കേൾക്കാൻ ഇവിടെ ക്ലിക്ക് ചെയ്യുക (വീഡിയോ)

അല്ലാഹു നമുക്ക് സത്യവും അസത്യവും തിരിച്ചറിയുവാനുള്ള ബുദ്ധി തന്നിട്ടുണ്ട്. ഈ വിനീതൻ പറയുന്നതോ നെറ്റിലെ മുജാഹിദ് സുഹൃത്തുക്കൾ പറയുന്നതോ അന്ധമായി നിങ്ങൾ സ്വീകരിക്കേണ്ട . ഇത് മുഴുവനും മുജാഹിദ് നേതാക്കളുടെ ക്ലിപ്പുകളാണ് അതിൽ നിന്ന് ചിലത് മാത്രമാണ് മുജാഹിദ് മടവൂർഗ്രൂപ്പിന്റേത്. മറ്റുള്ളവ മുഴുവനും സാക്ഷാൽ ഔദ്യോഗിക വിഭാഗത്തിന്റേതാണ്. ഇതിന് മറുപടി പറയാൻ നെറ്റിലെ മുജാഹിദ് പ്രവർത്തകർക്ക് കഴിയുമോ ? നിങ്ങളെ തെളിച്ച് കൊണ്ട് പോവുന്നെതെവിടെത്തേക്കാണെന്ന് നിങ്ങൾ മനസ്സിലാക്കി വെക്കുക. നിങ്ങൾ ഇനിയുള്ള സമയം സത്യം കണ്ടെത്തുവാൻ ശ്രമിക്കുക "എന്റെ അഭിപ്രായത്തിനെതിരായി നിങ്ങൾ ഹദീസ് കണ്ടാൽ നിങ്ങൾ ഹദീസ് സ്വീകരിച്ച് കൊള്ളണമെന്ന് " ശാഫി ഇമാം പറഞ്ഞിട്ടുണ്ടെന്ന് പറഞ്ഞ് നിങ്ങളുടെ ഹൃദയത്തെ പൂർവീകരിൽ നിന്ന് അടർത്തി ഇവരുടെ ബുദ്ധിയിലേക്ക് ചേർത്ത നിങ്ങളുടെ നേതാക്കൾ ഈ മാറ്റി മാറ്റി പറയുന്നതിനെക്കുറിച്ച് ഒഴിവ് കിട്ടുന്ന സമയത്ത് ഒരൽപം ചിന്തിച്ചു നോക്കുക. അല്ലാഹു നമ്മെ സത്യത്തിൽ ഒരമിച്ചുകൂട്ടട്ടെ. ആമീൻ.

നിങ്ങളുടെ പ്രാർത്ഥനയിൽ ഈ വിനീതനെയും ഉൾപ്പെടുത്തണമെന്ന് വിനയത്തോടെ അറിയിച്ച് കൊണ്ട് നിങ്ങളുടെ സഹോദരൻ,

സി. പി. അബ്ദുല്ല ചെരുമ്പ

www.islamkerala.com

Mobile : 0091 9400534861

കൂടുതൽ വിശദീകരണവും വളരെകൂടുതൽ ക്ലിപ്പുകളും കൂടി നിങ്ങൾക്ക് ലഭിക്കാൻ താഴെ കാണുന്ന ലിങ്കുകളിൽ ക്ലിക്ക് ചെയ്ത് രണ്ട് സിഡിയുടെ മുഴുവൻ ഭാഗവും ഡൗൺലോഡ് ചെയ്തു കേൾക്കുക.

ജിന്ന്, സിഹ്റ്, മന്ത്രം മുജാഹിദ് തൗഹീദ് പൊളിയുന്നു. സിഡി ഒന്ന്

ജിന്ന്, സിഹ്റ്, മന്ത്രം മുജാഹിദ് തൗഹീദ് പൊളിയുന്നു. സിഡി രണ്ട്